**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5579** **08-07-2024 - ൽ മറുപടിയ്ക്ക്**

**വനിതാ സിവിൽ എക്സൈസ് ഓഫീസർ റാങ്ക് ലിസ്റ്റ്**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. പി. വി. അൻവർ</td><td colspan="2">ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)</td></tr>
<tr><td>(എ)</td><td>കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ കാറ്റഗറി നമ്പർ 613/2021 പ്രകാരം മലപ്പുറം ജില്ലയിലെ വനിതാ സിവിൽ എക്സൈസ് ഓഫീസർ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ലിസ്റ്റിൽ ആകെ എത്ര പേരാണുള്ളതെന്ന് പട്ടിക തിരിച്ച് വ്യക്തമാക്കാമോ; റാങ്ക് ലിസ്റ്റിന്റെ കാലാവധി എത്ര വർഷമാണെന്ന് അറിയിക്കാമോ;</td><td>(എ)</td><td>ഉണ്ട്. ലിസ്റ്റിന്റെ കാലാവധി ഒരു വർഷമാണ്. ആയതിന്റെ മെയിൻ ലിസ്റ്റിൽ 39 പേരും സപ്ലിമെന്ററി ലിസ്റ്റിൽ വിവിധ വിഭാഗങ്ങളിലായി 7 പേരും ഉൾപ്പെടുന്നു. വിശദാംശങ്ങൾ ചുവടെ.
<table>
<tr><th>ക്രമ നമ്പർ</th><th></th><th></th></tr>
<tr><td>1</td><td>മെയിൻ ലിസ്റ്റ്</td><td>39</td></tr>
<tr><td>2</td><td><u>സപ്ലിമെന്ററി ലിസ്റ്റ്</u></td><td></td></tr>
<tr><td>a</td><td>ഈഴവ/തിയ്യ/ബിലാവ</td><td>1</td></tr>
<tr><td>b</td><td>ഷെഡ്യൂൾഡ് കാസ്റ്റ്</td><td>2</td></tr>
<tr><td>c</td><td>മുസ്ലീം</td><td>1</td></tr>
<tr><td>d</td><td>ലാറ്റിൻ കാത്തലിക്/ആംഗ്ലോ ഇന്ത്യൻ</td><td>1</td></tr>
<tr><td>e</td><td>എസ്.ഐ.യു.സി നാടാർ</td><td>1</td></tr>
<tr><td>f</td><td>ഹിന്ദു നാടാർ</td><td>1</td></tr>
<tr><td></td><td>ആകെ</td><td>46</td></tr>
</table>
</td></tr>
<tr><td>(ബി)</td><td>പ്രസ്തുത ജില്ലയിലെ വനിതാ സിവിൽ എക്സൈസ് ഓഫീസർ തസ്തികയിൽ എത്ര ഒഴിവുകളാണ് നാളിതുവരെ പി.എസ്.സി. യിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്നും ഇതിൽ പ്രതീക്ഷിത ഒഴിവുകളുണ്ടോയെന്നും അറിയിക്കാമോ?</td><td>(ബി)</td><td>4 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് (എസ്.ടി-1, എൻ.ജെ.ഡി-2, ഓപ്പൺ വേക്കൻസി-1). ഇതിൽ എൻ.സി.എ (മുസ്ലീം) വിഭാഗത്തിൽ നിന്ന് ഒരു ഉദ്യോഗാർത്ഥിക്ക് നിയമന ശുപാർശ നൽകിയിട്ടുണ്ട്. കാറ്റഗറി നമ്പർ 613/2021 റാങ്ക് ലിസ്റ്റിൽ നിന്നും ആരെയും അഡ്വൈസ് ചെയ്തിട്ടില്ല. പ്രതീക്ഷിത ഒഴിവുകൾ ഒന്നുമില്ല.</td></tr>
</table>

സെക്ഷൻ ഓഫീസർ